"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - പോലീസ് കൺസ്യൂമർ പമ്പിലേയ്ക്ക് ഡീസൽ വാങ്ങിയ വകയിലെ കുടിശ്ശിക തുക - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1917/2026/HOME തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 28.04.2026 ലെ ആർ1-1663/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പോലീസ് കൺസ്യൂമർ പമ്പിലേക്ക് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും 14.03.2026 ൽ പന്ത്രണ്ടായിരം ലിറ്റർ ഡീസൽ വാങ്ങിയ വകയിൽ കുടിശ്ശിക തുകയായ 11,69,831/-രൂപ 2055-00-001-99-45-POL എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് കൺസ്യൂമർ പമ്പിലേയ്ക്ക് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും 14.03.2026 തീയതിയിൽ പന്ത്രണ്ടായിരം ലിറ്റർ ഡീസൽ വാങ്ങിയ വകയിൽ കുടിശ്ശികയായ 11,69,831/- രൂപ (പതിനൊന്ന് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) 2055-00-001-99-00-45-POL-NV എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (25.05.2026 ലെ വ്യയം-എ3/444/2026/ധന (ഇ.3509165) പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 03-06-2026 13:01:40